## മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# സഭാ സെക്രട്ടറിയുടെ അറിയിപ്പുകൾ

**(1) മാർത്തോമ്മാ മാനവ സേവ അവാർഡ്**

മാർത്തോമ്മാ സഭാംഗങ്ങളുടെ പ്രശസ്ത സേവനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന മാനവ സേവ അവാർഡിന് 'വ്യവസായം' (Industry) എന്ന മേഖലയിൽ വ്യവസായ സംരംഭങ്ങളിൽ കൂടി സാമൂഹിക സേവനം നിർവഹിച്ചു കൊണ്ടിരിക്കുന്ന മാർത്തോമ്മാ സഭാംഗങ്ങളിൽ നിന്നും അപേക്ഷകൾ/നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. 20 വർഷമെങ്കിലും ടി മേഖലയിൽ സേവനം അനുഷ്ഠിച്ചിരിക്കണം. വിശദവിവരങ്ങൾ ഉൾപ്പെടുന്ന ബയോഡേറ്റ ഇടവക വികാരിയുടെയോ ഭദ്രാസന എപ്പിസ്ക്കോപ്പായുടെയോ സാക്ഷ്യപത്രം, അനുബന്ധ രേഖകൾ എന്നിവ സഹിതം (4 കോപ്പികൾ) ലഭിക്കേണ്ടതാണ്.

**(2) മാർത്തോമ്മാ കർഷക അവാർഡ്**

മാർത്തോമ്മാ സഭാംഗമായ ഏറ്റവും മികച്ച കർഷകനെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്ന ചെറുകിട കർഷകരെയാണ് - Small and Marginal Farmers (5 ഏക്കറിൽ താഴെ) പരിഗണിക്കുന്നത്. പൂരിപ്പിച്ച അപേക്ഷ ഫോറവും അനുബന്ധ രേഖകളും (3 കോപ്പികൾ) ലഭിക്കേണ്ടതാണ്. 25,000/- രൂപയും ഫലകവുമാണ് അവാർഡ്. അപേക്ഷ ഫോറം സഭാ ആഫീസിൽ നിന്നും സഭയുടെ വെബ് സൈറ്റിൽ (www.marthoma.in) നിന്നും ലഭിക്കും. കൃഷിയിടത്തിന്റെ ഫോട്ടോഗ്രാഫ്/വീഡിയോ അയക്കാവുന്നതാണ്.

**(3) മാർത്തോമ്മാ മെറിറ്റ് അവാർഡ്**

1. **ഡോക്ടറൽ ബിരുദം കരസ്ഥമാക്കിയ അദ്ധ്യാപകർക്കുള്ള മെറിറ്റ് അവാർഡ്:** മാർത്തോമ്മാ സഭയുടെ സ്കൂളുകളിലും കോളേജുകളിലും പ്രവർത്തിക്കുന്ന മാർത്തോമ്മാ സഭാംഗങ്ങളായ അദ്ധ്യാപകർ, മറ്റു സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന മാർത്തോമ്മാ സഭാംഗങ്ങളായ അദ്ധ്യാപകർ എന്നിവരിൽ ഡോക്ടറൽ ബിരുദം കരസ്ഥമാക്കിയവർക്ക് മാർത്തോമ്മാ മെറിറ്റ് അവാർഡ് നൽകുന്നതാണ്. യു.ജി.സി. അംഗീകാരമുള്ള സെക്യുലർ യൂണിവേഴ്സിറ്റികളിൽ നിന്നും ഡോക്ടറൽ ബിരുദം കരസ്ഥമാക്കിയിട്ടുള്ള അദ്ധ്യാപകർക്ക് അപേക്ഷിക്കാവുന്നതാണ്. 01.04.2023 മുതൽ 31.03.2024 വരെയുള്ള കാലയളവിൽ ഡോക്ടറൽ ബിരുദം നേടിയവരെയാണ് ഈ അവാർഡിനു പരിഗണിക്കുന്നത്. ഡോക്ടറൽ ബിരുദം സംബന്ധിച്ച യൂണിവേഴ്സിറ്റിയുടെ പത്ര അറിയിപ്പും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രേഖകളും സ്കൂൾ/കോളജ് പ്രിൻസിപ്പലിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ഇടവകാംഗത്വം തെളിയിക്കുന്നതിന് വികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതമാണ് അപേക്ഷ നൽകേണ്ടത്.

2. **വിദ്യാർത്ഥികൾക്കുള്ള മെറിറ്റ് അവാർഡ്:** അംഗീകാരമുള്ള സെക്യുലർ/ തിയോളജിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും (Graduate and Post Graduate Programmes) 01.04.2023 മുതൽ 31.03.2024 വരെയുള്ള കാലയളവിൽ റാങ്കു നേടിയിട്ടുള്ള മാർത്തോമ്മാ വിദ്യാർത്ഥികൾക്ക് മാർത്തോമ്മാ മെറിറ്റ് അവാർഡ് നൽകുന്നതിന് മാർത്തോമ്മാ സഭാ കൗൺസിൽ തീരുമാനിച്ചിരിക്കുന്ന വിവരം അറിയിക്കുന്നു. ഇടവകാംഗത്വം തെളിയിക്കുന്നതിനുള്ള ഇടവക വികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, റാങ്ക് ലഭിച്ചു എന്നതിനുള്ള രേഖകളുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതമാണ് അപേക്ഷ നൽകേണ്ടത്.

**(4) എസ്. എസ്. എൽ. സി. ക്യാഷ് അവാർഡ്**

സുവിശേഷ പ്രവർത്തനത്തിന്റെ ഫലമായി രൂപീകരിക്കപ്പെട്ട മാർത്തോമ്മാ ഇടവകകളിൽ നിന്നും 2024 ലെ എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡിനു പരിഗണിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. മാർക്ക് ലിസ്റ്റിന്റെ അറ്റസ്റ്റു ചെയ്ത കോപ്പിയും പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും ഇടവക വികാരിയിൽ നിന്നുള്ള സാക്ഷ്യപത്രവും സഹിതം അപേക്ഷ നൽകേണ്ടതാണ്.

**(5) മികച്ച ഗ്രന്ഥ രചനയ്ക്ക് വൈദികർക്ക് അവാർഡ്**

1. **മാളിയേക്കൽ എം. സി. ജോർജ് അച്ചൻ മെമ്മോറിയൽ പ്രൈസ്:** ഈ പ്രൈസിനു പരിഗണിക്കുന്നതിനായി 2023 എപ്രിൽ 1മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ ക്ഷണിക്കുന്നു. നമ്മുടെ സഭയിലെ വൈദികർ രചിച്ചിട്ടുള്ള പുസ്തകങ്ങളാണ് ഇതിനു പരിഗണിക്കുന്നത്. പുസ്തകങ്ങളുടെ 4 കോപ്പികൾ ലഭിച്ചിരിക്കേണ്ടതാണ്.

2. **1996 – 2000 ബാച്ച് ബി.ഡി. വിദ്യാർത്ഥി പരേതനായ റവ. മാത്യു തോമസ്, വട്ടക്കോട്ടാൽ മെമ്മോറിയൽ എൻഡോവ്മെന്റ് പ്രൈസ്:** ഈ പ്രൈസിനു പരിഗണിക്കുന്നതിനായി നമ്മുടെ സഭയിലെ വൈദികർ രചിച്ച ഗ്രന്ഥങ്ങൾ ക്ഷണിക്കുന്നു. കഥ/കവിത / ഇതര സാഹിത്യ കൃതികൾ അയയ്ക്കാവുന്നതാണ്. 2023 എപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഇനങ്ങളിലെ ദൈവശാസ്ത്രപരമായ പുസ്തകങ്ങളുടെ 4 കോപ്പികൾ ലഭിച്ചിരിക്കേണ്ടതാണ്.

**(6) മാർത്തോമ്മാ സഭാ ഹരിത അവാർഡ്**

മാർത്തോമ്മാ സഭാ ഹരിത അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. മാർത്തോമ്മാ സഭയുടെ കേരളത്തിലുള്ള (1) ഇടവകകൾ (2) സ്ഥാപനങ്ങൾ (അരമനകൾ, തിയോളജിക്കൽ സ്ഥാപനങ്ങൾ, കൗൺസിലിംഗ് സെന്ററുകൾ, സ്റ്റഡി സെന്ററുകൾ, ക്യാമ്പ് സെന്ററുകൾ) (3) സ്കൂളുകൾ എന്നീ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനത്തിന് പ്രത്യേകം അവാർഡുകൾ നൽകുന്നതാണ്. സഭാ കൗൺസിൽ അംഗീകരിച്ച മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും അപേക്ഷകൾ പരിഗണിക്കുന്നത്. മാനദണ്ഡങ്ങളുടെ പകർപ്പ് സഭയുടെ വെബ് സൈറ്റിൽ (www.marthoma.in) നിന്നും സഭാ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

ഓരോ വിഭാഗത്തിലും (1) ഇടവകകൾ (2) സ്ഥാപനങ്ങൾ (3) സ്കൂളുകൾ ഒന്നാം സ്ഥാനത്തിന് ക്യാഷ് അവാർഡും ട്രോഫിയും നൽകുന്നതാണ്. രണ്ടു വർഷം തുടർച്ചയായി സഭയുടെ ഹരിത അവാർഡു ലഭിച്ചവരെ തൊട്ടടുത്ത വർഷത്തെ അവാർഡിനു പരിഗണിക്കുന്നതല്ല. ക്യാമ്പസിന്റെ ഫോട്ടോഗ്രാഫ് /വീഡിയോ അയക്കാവുന്നതാണ്.

**(7) സെമിത്തേരി സംരക്ഷണ അവാർഡ്:**

സെമിത്തേരികൾ മനോഹരമായും വൃത്തിയായും പരിപാലിക്കപ്പെടേണ്ടത് ആവശ്യമാണ് എന്ന ഉദ്ദേശ്യത്തോടെയാണ് സെമിത്തേരി ഏറ്റവും മികച്ച രീതിയിൽ സംരക്ഷിക്കുന്ന ഇടവകകൾക്ക് അവാർഡ് നൽകുന്നത്. മാർത്തോമ്മാ സഭയുടെ കേരളത്തിലുള്ള ഇടവകകളെയാണ് ഈ അവാർഡിനു പരിഗണിക്കുന്നത്. ഒന്നും രണ്ടും സ്ഥാനം നേടുന്ന ഇടവകകൾക്ക് അവാർഡ് നൽകും. രണ്ടു വർഷം തുടർച്ചയായി ഈ അവാർഡു ലഭിച്ച ഇടവകകളെ തൊട്ടടുത്ത വർഷത്തെ അവാർഡിനു പരിഗണിക്കുന്നതല്ല. സെമിത്തേരിയുടെ ഫോട്ടോഗ്രാഫ് /വീഡിയോ അയക്കാവുന്നതാണ്.

നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം അപേക്ഷ നൽകേണ്ടതാണ്. ടി അവാർഡുകൾക്കുള്ള അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ **2024 ജൂലൈ 5, 3.00 pm നകം സഭാ സെക്രട്ടറി, മാർത്തോമ്മാ സഭാ ആഫീസ്, തിരുവല്ല – 689 101** എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

മാർത്തോമ്മാ സഭാ ഓഫീസ്,
തിരുവല്ല, 31.05.2024

**റവ. എബി റ്റി. മാമ്മൻ**
സഭാ സെക്രട്ടറി